(ജി) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഈ സാമ്പത്തികവർഷം താഴ്ന്ന-ഇടത്തരം വരുമാനക്കാരായ സർക്കാർ, ബാങ്കുകൾ, സഹകരണ ബാങ്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരും മാസവരുമാനം യഥാക്രമം 2100-4500 (താഴ്ന്ന) 4500-10,000 (ഇടത്തരം) ഉള്ളവരുമായ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഹഡ്കോയുടെ സഹകരണത്തോടെ ഭവന നിർമ്മാണ വായ്പ നൽകാൻ ഉദ്ദേശിക്കുന്നു. താഴ്ന്ന വരുമാനക്കാർക്ക് 75,000/- രൂപയും ഇടത്തരം വരുമാനക്കാർക്ക് 1,85,000 രൂപയും വായ്പ നൽകുന്ന പദ്ധതിയാണ് പരിഗണനയിലുള്ളത്. മൊത്തം 150 പേർക്ക് വായ്പ നൽകുവാൻ ഉദ്ദേശിക്കുന്നു.

കൂടാതെ സ്ഥലവും വീടും ഇല്ലാത്തവരും 2100-4500 നും ഇടയ്ക്ക് വരുമാനം ഉള്ളവരുമായ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനുമായി 1,25,000/- രൂപ വായ്പ നൽകുന്ന പദ്ധതിയും പരിഗണിച്ചു വരുന്നു.

(എച്ച്) നിയമാനുസൃതമായ സപ്ളിമെന്ററി ആഡിറ്റ്, അക്കൗണ്ടന്റ് ജനറലിന്റെ റിവ്യൂ ആഡിറ്റ് എന്നിവ കാലാകാലങ്ങളിൽ നടക്കുന്നുണ്ട്. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷനിലെ സീനിയർ സൂപ്രണ്ടിനെ വിജിലൻസ് ആഫീസറായി നിയമിച്ചിട്ടുണ്ട്. അപാകതകൾ കണ്ടെത്തുന്ന കേസുകൾ വിജിലൻസ് അന്വേഷണത്തിന് വിധേയമാക്കുന്നുണ്ട്. കോർപ്പറേഷൻ ബോർഡും സർക്കാരും അംഗീകരിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് കോർപ്പറേഷന്റെ എല്ലാ പദ്ധതികളും നടപ്പിലാക്കി വരുന്നത്. അർഹരായവർക്ക് മാത്രമാണ് ആനുകൂല്യങ്ങൾ നൽകുന്നത് എന്ന് ഉറപ്പ് വരുത്തുന്നുണ്ട്.

29 (*355) പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാഡമിയുടെ പ്രവർത്തനപുരോഗതി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് രൂപം നൽകിയ പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാഡമിയുടെ പ്രവർത്തന പുരോഗതി വിശകലനം ചെയ്യുമോ;

(ബി) അക്കാഡമിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ധനസമാഹരണത്തിന് ഏതൊക്കെ ഏജൻസികളിൽ നിന്നും ഏതൊക്കെ ഇനത്തിൽ തുക ലഭ്യമായി എന്ന് വിശദീകരിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാഡമിയുടെ പ്രവർത്തനം ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 1999 ഏപ്രിൽ രജിസ്റ്റർ ചെയ്ത ടി സ്ഥാപനം ഈ അദ്ധ്യയനവർഷം തന്നെ ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചുകഴിഞ്ഞു. 240 വിദ്യാർത്ഥികൾക്ക് ഉള്ള പഠനസൗക

LIBRARY ARCHIVES Kerala Legislative Assembly

ര്യങ്ങൾ കുറഞ്ഞകാലയളവിൽ ഒരുക്കി ക്ളാസ്സ് തുടങ്ങി. അടുത്ത വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മെഡിക്കൽകോളേജിനുവേണ്ടി, കളമശ്ശേരിയിൽ 60 ഏക്കർ സ്ഥലം ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. ടി കോളേജിനോട് അനുബന്ധമായുണ്ടായിരിക്കേണ്ട ആശുപത്രി ഏർപ്പാടാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അടുത്ത വർഷം ആരംഭിക്കുവാനുള്ള 9 എഞ്ചിനീയറിംഗ് കോളേജിനും ഒരു എം.ബി.എ. കോഴ്സിനുള്ള കമ്മ്യൂണിറ്റി കോളേജിനുംവേണ്ട അപേക്ഷ എ.ഐ.ജി.ടി.ഇ. ക്ക് സമർപ്പിച്ചു. ഈ സ്ഥാപനങ്ങൾക്ക് ആവശ്യമായ സ്ഥലസൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും പരിശോധിച്ചുവരുന്നു. സഹകരണ അക്കാഡമിയുടെ പ്രവർത്തനം ഇപ്രകാരം സമയബന്ധിതമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) അക്കാഡമിയുടെ പ്രവർത്തനത്തിന് ഇതുവരെ ലഭ്യമായ തുക താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സംഭാവനയായി കിട്ടിയതാണ്.

1. കേരള സംസ്ഥാന സഹകരണ ബാങ്ക്.
2. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്.
3. കൊല്ലം ജില്ലാ സഹകരണ ബാങ്ക്.
4. ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്.
5. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്.
6. എറണാകുളം ജില്ലാ സഹകരണ ബാങ്ക്.
7. പാലക്കാട് ജില്ലാ സഹകരണ ബാങ്ക്.
8. കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്.

30 (*356) സഹകരണരംഗത്തിന്റെ വിപുലീകരണം

ശ്രീ. പി. പി.സുലൈമാൻ റാവുത്തർ :

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ വിദ്യാലയങ്ങൾ ആരംഭിക്കുവാനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ മേഖലയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും കമ്പ്യൂട്ടർ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിക്കുവാനുള്ള പദ്ധതി ആവിഷ്കരിക്കുമോ;

(സി) ഏതൊക്കെ മേഖലയിൽ സഹകരണ സ്ഥാപനങ്ങൾക്ക് വിജയകരമായി പ്രവർത്തിക്കാൻ ആകും എന്നത് സംബന്ധിച്ച് പഠനം നടത്തി ആ മേഖലകളിൽ സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉതകുന്ന ഒരു പദ്ധതിയാവിഷ്കരിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ)&(ബി) സഹകരണമേഖലയിൽ "സഹകരണ അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷൻ" എന്ന ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന് കീഴിൽ മെഡിക്കൽകോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly